**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4209** | **28-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, BHEL-EML, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം, BPCL, BEML എന്നീ സ്ഥാപനങ്ങൾ നീതി ആയോഗിന്റെ ശുപാർശ പ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച, സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന, സംയുക്ത സംരംഭമായിരുന്ന ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (HNL) എന്നിവയുടെ ഏറ്റെടുക്കൽ നടപടികൾ ഇതിനകം തന്നെ പൂർത്തിയായിട്ടുണ്ട്. ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി ബി.എച്ച്.ഇ.എൽ-നു ഭെൽ ഇലക്ട്രിക്കൽ മെഷിൻ ലിമിറ്റഡിൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ വാങ്ങി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി. സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് പ്രകാരം ഈ കമ്പനിയുടെ പുനരുദ്ധാരണത്തിന് ആവശ്യമായ 43 കോടി രൂപയും മുൻകാലത്ത് കമ്പനി വരുത്തി വച്ച 34 കോടി രൂപയുടെ ബാധ്യതയും ചേർന്ന് 77 കോടിയോളം രൂപയുടെ ബാധ്യതയാണ് കണക്കാക്കിയിരിക്കുന്നത്. Corporate Insolvency Resolution Process (CIRP) പ്രകാരം നാഷണൽ കമ്പനി ലോ ട്രൈബ്യൂണൽ (NCLT), കൊച്ചി ബഞ്ചിൽ സമർപ്പിച്ച Resolution Plan പ്രകാരമാണ് 145.60 കോടി രൂപയ്ക്ക് HNLനെ കേരള സർക്കാർ ഏറ്റെടുത്തത്. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി (വ്യവസായം), എം.ഡി. കിൻഫ്ര, എന്നിവരെ ഉൾപ്പെടുത്തി ബോർഡ് പുനഃസംഘടിപ്പിക്കുകയും |

തുടർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ പുനഃസംഘടനെയും തുടർ പ്രവർത്തനത്തെയും കുറിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് നൽകുവാൻ ഒരു ഉന്നത തല സാങ്കേതിക സമിതിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ് . പാലക്കാട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ ഏറ്റെടുക്കലിന്റെ ഭാഗമായി കേരള സർക്കാർ നടപടികൾ പൂർത്തിയാക്കിയെങ്കിലും കേരള സർക്കാർ സൗജന്യമായി നൽകിയ 123.12 ഏക്കർ ഭൂമിയുടെ വില കൂടി നൽകണമെന്ന കേന്ദ്രസർക്കാറിന്റെ പുതിയ നിർദ്ദേശം കാരണം ഏറ്റെടുക്കൽ നടപടികൾ നീണ്ടുപോവുകയാണ്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, പാലക്കാട് കേന്ദ്രസർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതാണ്. ഈ സ്ഥാപനത്തിന്റെ Rolling Stock Manufacturing Unit സ്ഥാപിക്കുന്നതിനായി 374 ഏക്കർ ഭൂമി കുറഞ്ഞ നിരക്കിലുള്ള പാട്ടവ്യവസ്ഥയിൽ 'കിൻഫ്ര' മുഖാന്തിരം നൽകിയിട്ടുണ്ട്. ഇതിൽ 170 ഏക്കർ ഭൂമി അതിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. ആഗോള ടെൻഡറുകൾ വഴി ധാരാളം ഓർഡറുകൾ ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് BEML. ദേശീയ സുരക്ഷ കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലാ യൂണിറ്റായി നിലനിർത്തേണ്ടതുണ്ട്. അത്തരമൊരു ലാഭമൊരുക്കലിന്റെയും തന്ത്രപരമായി പ്രധാനപ്പെട്ട കമ്പനി ഷെയറുകളുടെയും ഓഹരികൾ വിറ്റഴിക്കരുതെന്ന നിരന്തരമായ ആവശ്യങ്ങൾ വിവിധ തലങ്ങളിൽ ഉയർന്ന സാഹചര്യം കണക്കിലെടുത്ത് 2016 ഒക്ടോബറിൽ, ഈ ദിശയിലേക്കുള്ള മുൻനീക്കം മുന്നോട്ട് പോയിട്ടില്ല. എങ്കിലും 05.01.2021 ൽ ബഹു. പ്രധാനമന്ത്രിക്ക് മുകളിൽ പറഞ്ഞ വസ്തുതകളും സാഹചര്യങ്ങളും ഓർമ്മപ്പെടുത്തി ഈ പൊതുമേഖലാ സ്ഥാപനം സ്വകാര്യവത്ക്കരിക്കരുതെന്ന് ആവശ്യപ്പെട്ട് ബഹു.മുഖ്യമന്ത്രി കത്ത് അയച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ കൊച്ചി റിഫൈനറി സ്വകാര്യവല്ക്കരിക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണമെന്നു ബഹു. മുഖ്യമന്ത്രിയുടെ 17.10.2019, 18.03.2020 എന്നീ തീയതികളിലെ

| | | | |
|---|---|---|---|
| | | | കത്തുകളിലൂടെ ബഹു.പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനെറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തിരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിലെ സംസ്ഥാന സർക്കാരിന്റെ ആസ്തി തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, BHEL-EML, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം, BPCL, BEML എന്നീ സ്ഥാപനങ്ങൾ നീതി ആയോഗിന്റെ ശുപാർശ പ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച, സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന, സംയുക്ത സംരംഭമായിരുന്ന ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (HNL) എന്നിവയുടെ ഏറ്റെടുക്കൽ നടപടികൾ ഇതിനകം തന്നെ പൂർത്തിയായിട്ടുണ്ട്. ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി ബി.എച്ച്.ഇ.എൽ-ന്റെ ഭെൽ ഇലക്ട്രിക്കൽ മെഷിൻ ലിമിറ്റഡിൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ വാങ്ങി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി. സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് പ്രകാരം ഈ കമ്പനിയുടെ പുനരുദ്ധാരണത്തിന് ആവശ്യമായ 43 കോടി രൂപയും മുൻകാലത്ത് കമ്പനി വരുത്തി വച്ച 34 കോടി രൂപയുടെ ബാധ്യതയും ചേർന്ന് 77 കോടിയോളം രൂപയുടെ ബാധ്യതയാണ് കണക്കാക്കിയിരിക്കുന്നത്. Corporate Insolvency Resolution Process (CIRP) പ്രകാരം നാഷണൽ കമ്പനി ലോ ട്രൈബ്യൂണൽ (NCLT), കൊച്ചി ബഞ്ചിൽ സമർപ്പിച്ച Resolution Plan പ്രകാരമാണ് 145.60 കോടി രൂപയ്ക്ക് HNLനെ കേരള സർക്കാർ ഏറ്റെടുത്തത്. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി |

(വ്യവസായം), എം.ഡി. കിൻഫ്ര, എന്നിവരെ ഉൾപ്പെടുത്തി ബോർഡ് പുനഃസംഘടിപ്പിക്കുകയും തുടർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ പുനഃസംഘടനെയും തുടർ പ്രവർത്തനത്തെയും കുറിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് നൽകുവാൻ ഒരു ഉന്നത തല സാങ്കേതിക സമിതിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ് . പാലക്കാട്ടെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ ഏറ്റെടുക്കലിന്റെ ഭാഗമായി കേരള സർക്കാർ നടപടികൾ പൂർത്തിയാക്കിയെങ്കിലും കേരള സർക്കാർ സൗജന്യമായി നൽകിയ 123.12 ഏക്കർ ഭൂമിയുടെ വില കൂടി നൽകണമെന്ന കേന്ദ്രസർക്കാറിന്റെ പുതിയ നിർദ്ദേശം കാരണം ഏറ്റെടുക്കൽ നടപടികൾ നീണ്ടുപോവുകയാണ്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, പാലക്കാട് കേന്ദ്രസർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതാണ്. ഈ സ്ഥാപനത്തിന്റെ Rolling Stock Manufacturing Unit സ്ഥാപിക്കുന്നതിനായി 374 ഏക്കർ ഭൂമി കുറഞ്ഞ നിരക്കിലുള്ള പാട്ടവ്യവസ്ഥയിൽ 'കിൻഫ്ര' മുഖാന്തിരം നൽകിയിട്ടുണ്ട്. ഇതിൽ 170 ഏക്കർ ഭൂമി അതിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. ആഗോള ടെൻഡറുകൾ വഴി ധാരാളം ഓർഡറുകൾ ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് BEML. ദേശീയ സുരക്ഷ കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലാ യൂണിറ്റായി നിലനിർത്തേണ്ടതുണ്ട്. അത്തരമൊരു ലാഭമൊരുക്കലിന്റെയും തന്ത്രപരമായി പ്രധാനപ്പെട്ട കമ്പനി ഷെയറുകളുടെയും ഓഹരികൾ വിറ്റഴിക്കരുതെന്ന നിരന്തരമായ ആവശ്യങ്ങൾ വിവിധ തലങ്ങളിൽ ഉയർന്ന സാഹചര്യം കണക്കിലെടുത്ത് 2016 ഒക്ടോബറിൽ, ഈ ദിശയിലേക്കുള്ള മുൻനീക്കം മുന്നോട്ട് പോയിട്ടില്ല. എങ്കിലും 05.01.2021 ൽ ബഹു. പ്രധാനമന്ത്രിക്ക് മുകളിൽ പറഞ്ഞ വസ്തുതകളും സാഹചര്യങ്ങളും ഓർമ്മപ്പെടുത്തി ഈ പൊതുമേഖലാ സ്ഥാപനം സ്വകാര്യവത്ക്കരിക്കരുതെന്ന് ആവശ്യപ്പെട്ട് ബഹു.മുഖ്യമന്ത്രി കത്ത് അയച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) കേന്ദ്രസർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ കൊച്ചി റിഫൈനറി സ്വകാര്യവല്ക്കരിക്കാനുള്ള നീക്കത്തിൽ

| | | | |
|---|---|---|---|
| | | | നിന്ന് പിന്മാറണമെന്നു ബഹു. മുഖ്യമന്ത്രിയുടെ 17.10.2019, 18.03.2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹു.പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനെറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽ നിന്നും കേന്ദ്രസർക്കാർ അടിയന്തിരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ